**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **10-06-2024 - ൽ മറുപടിയ്ക്ക്**

**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ക്ലീൻ കേരള കമ്പനി വിവിധ തദ്ദേശസ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മാലിന്യ ശേഖരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ മാലിന്യശേഖരണം കാര്യക്ഷമമല്ലാത്തതിന് കാരണം വ്യക്തമാക്കുമോ; | (എ) | ക്ലീൻ കേരള കമ്പനി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മാലിന്യ ശേഖരണം കൃത്യമായി നീക്കം ചെയ്യുന്നതിന് ജില്ലയെ നാല് ക്ലസ്റ്റർ ആക്കി തിരിച്ച് ലിഫ്റ്റിംഗ് പ്ലാൻ തയ്യാറാക്കി മാലിന്യശേഖരണം ക്രമപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് മാലിന്യശേഖരണം നടന്നുവരുന്നു.<br>വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൂടികലർന്ന മാലിന്യം നീക്കം ചെയ്യുന്നതിന് നിശ്ചിത ഫീസ് ക്ലീൻകേരള കമ്പനിക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നൽകണം. ഇതിൽ കുടിശ്ശിക വരുന്നതും വാഹനം കടന്നുചെല്ലാത്ത സ്ഥലങ്ങളിൽ നിർമിച്ചിട്ടുള്ള എം.സി.എഫുകളിൽ നിന്നും മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ കഴിയാത്തതും പ്രയാസം ഉണ്ടാക്കുന്നുണ്ട്. |
| (ബി) | വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ മാലിന്യസംഭരണ കേന്ദ്രങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യ നീക്കം യഥാസമയം നടത്തുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മാലിന്യ നീക്കത്തിനായി ഒടുക്കേണ്ട മുൻ കുടിശ്ശിക, വാഹനം കടന്നുചെല്ലാത്ത സ്ഥലങ്ങളിലെ എം.സി.എഫുകളിൽ എത്തുച്ചേരുന്നതിനുള്ള ബുദ്ധിമുട്ട്, എന്നിവയാണ് യഥാസമയം മാലിന്യം നീക്കം ചെയ്യുന്നതിൽ പ്രയാസമുണ്ടാക്കുന്നത്. അജൈവ മാലിന്യ ശേഖരണം കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്ക് നിലവിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഫോർവേഡ് ലിങ്കേജ് ക്രമവത്ക്കരിക്കുന്നതിനും നിർദ്ദേശങ്ങൾ ക്ലീൻ കേരള കമ്പനിക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ളതാണ്. നിലവിലെ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംഭരണകേന്ദ്രത്തിൽ നിന്നും ക്ലീൻ കേരള കമ്പനി യഥാസമയം മാലിന്യം നീക്കം ചെയ്യാത്തത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | അജൈവ പാഴ്‌വസതുക്കൾ നീക്കം ചെയ്യുന്നതിനായി മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം കഴിഞ്ഞ 2 വർഷമായി ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ കമ്പനി കൃത്യമായി ശേഖരിച്ചു വരുന്നു.എന്നാൽ അങ്ങാടിപുറം ഗ്രാമപഞ്ചായത്തിൽ 450 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ളതും തകരഷീറ്റ് മേഞ്ഞതുമായ വളരെ പരിമിതമായ ഒരു എംസിഎഫ് സംവിധാനത്തിലൂടെയാണ് മാലിന്യ നീക്കം നടന്നുവരുന്നത്. 22 വാർഡുകൾ ഉള്ളതും ജനസാന്ദ്രത കൂടിയ വളരെ വലിയ ഭൂപ്രദേശമുള്ളതുമായ മേൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിലുള്ള പരിമിതമായ സംവിധാനം പര്യാപ്തമല്ല. വീടുകളിൽ നിന്നും ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ കൃത്യമായി തരംതിരിച്ച് കമ്പനിക്ക് കൈമാറുന്നതിന് ആവശ്യമായ അടിസ്ഥാന സാകര്യങ്ങൾ ഇവിടത്തെ എംസിഎഫിൽ ഇല്ല. സ്ഥല സൗകര്യം കുറവായതുകൊണ്ടും ശരിയായ മേൽക്കൂര സംവിധാനം ഇല്ലാത്തതുകൊണ്ടും പാഴ്‌വസ്തുക്കൾ മഴയും വെയിലും കൊള്ളാതെ സൂക്ഷിക്കാൻ കഴിയുന്നില്ല തരംതിരിവിന് ഹരിതകർമ്മസേന അംഗങ്ങളെ കൂടാതെ പുറമെ നിന്നുള്ള തൊഴിലാളികളെയും വിനിയോഗിച്ച് തരംതിരിവ് നടത്തിയശേഷം കൃത്യമായി വാഹനങ്ങളിൽ കയറ്റിക്കൊണ്ട് പോകുന്നതിനായി പാക്ക് ചെയ്യുന്ന മുറയ്ക്ക് വാഹനം ക്രമീകരിച്ച് മാറ്റുകയാണ് ചെയ്തുവരുന്നത്.<br><br>നിലവിൽ എംസിഎഫിൽ ചാക്കിലാക്കി കെട്ടി വെച്ചിരുന്ന പാഴ്‌വസ്തുക്കൾ പൂർണ്ണമായും മാറ്റിയിട്ടുള്ളതാണ്. ഷെഡ്ഡിനു പുറമെകിടക്കുന്ന ബാക്കി മാലിന്യം ജെസിബി ഉപയോഗിച്ച് ലോഡ് ചെയ്ത് കൊണ്ടുപോകേണ്ടതുണ്ട്. മഴകാരണം എംസിഎഫിലേക്കുള്ള വഴി പൂർണ്ണമായും ചെളിനിറഞ്ഞിരിക്കുന്നതിനാൽ വാഹനങ്ങൾ എംസിഎഫിലേക്ക് എത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു.<br><br>കഴിഞ്ഞ 3 മാസങ്ങളിലായി ഇവിടെ നിന്നും മാറ്റിയ മാലിന്യത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

March 2024

| Name of LSGD | Date of Lifting | Quantity |
|---|---|---|
| Agadippuram GP | 04-Mar-24 | 3900 |
| Agadippuram GP | 13-Mar-24 | 3110 |
| Agadippuram GP | 15-Mar-24 | 3260 |
| Agadippuram GP | 20-Mar-24 | 3050 |
| Agadippuram GP | 20-Mar-24 | 2950 |
| Agadippuram GP | 22-Mar-24 | 3520 |
| Agadippuram GP | 22-Mar-24 | 3670 |

April 2024

| Name of LSGD | Date of Lifting | Quantity |
|---|---|---|
| Agadippuram GP | 09-4-2024 | 2590 |
| Agadippuram GP | 16-4-2024 | 3865 |
| Agadippuram GP | 16-4-2024 | 3030 |
| Agadippuram GP | 22-4-2024 | 4110 |
| Agadippuram GP | 23-4-2024 | 4580 |
| Agadippuram GP | 26-4-2024 | 1170 |
| Agadippuram GP | 26-4-2024 | 1160 |
| Agadippuram GP | 27-4-2024 | 980 |
| Agadippuram GP | 28-4-2024 | 1190 |
| Agadippuram GP | 28-4-2024 | 970 |
| Agadippuram GP | 29-4-2024 | 1170 |
| Agadippuram GP | 29-4-2024 | 1030 |
| Agadippuram GP | 30-4-2024 | 930 |

May 2024

| Name of LSGD | Date of Lifting | Quantity |
|---|---|---|
| Agadippuram GP | 03-5-2024 | 2770 |
| Agadippuram GP | 06-5-2024 | 1010 |
| Agadippuram GP | 06-5-2024 | 1220 |
| Agadippuram GP | 14-5-2024 | 1470 |
| Agadippuram GP | 22-5-2024 | 6705 |
| Agadippuram GP | 26-5-2024 | 5565 |